(ബി) വായ്പ ഇക തിരിച്ചടയ്ക്കാത്തതിനെ തുടർന്ന് പ്രസ്തുത അപേക്ഷക യ്ക്കെതിരെ ജപ്തി നടപടികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സഹായം അടിയന്തരമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2007 ഡിസംബർ 31 വരെ എടുത്തിട്ടുള്ള വായ്പകൾക്കാണ് കടാശ്വാസം നൽകിവരുന്നത്. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ ശ്രീമതി അംബിക, എരുമല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്തിട്ടുള്ളത് 2008-ൽ ആണ്. ആയതിനാൽ നിലവിലെ കടാശ്വാസ നിയമപ്രകാരം ശ്രീമതി അംബികയ്ക്ക് കടാശ്വാസത്തിന് അർഹതയില്ല.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

152 (1893) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എത്ര പേർക്ക് എത്ര ഇക കടാശ്വാസമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അപേക്ഷകളുടെ പരിഗണനയ്ക്കായി എത്ര പ്രാവശ്യം സിറ്റിംഗ് നടത്തിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ പരിഗണിച്ചിട്ടുണ്ടെന്നും ഇനിയും പരിഗണിക്കാത്ത എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് മുതൽ എട്ട് വരെ ഘട്ടങ്ങളിലായി 18150 മത്സ്യത്തൊഴിലാളികൾക്ക് നാളിതുവരെ 84.06 കോടി രൂപയുടെ കടാശ്വാസമാണ് ശിപാർശ ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി) മത്സ്യത്തൊഴിലാളികൾക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 31-12-2007 വരെ എടുത്തിട്ടുള്ള വായ്പകളിൻമേൽ കടാശ്വാസം ശിപാർശ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിലേയ്ക്കായി വിവിധ ജില്ലകളിലായി ഇതു വരെ കമ്മിഷൻ 209 സിറ്റിംഗ് നടത്തുകയും 1,29,691 അപേക്ഷകൾ പരിശോധിക്കുകയും ചെയ്തു. സിറ്റിംഗിൽ പരിശോധിച്ച അപേക്ഷകളിൽ 72,639 കടങ്ങളിൽ കടാശ്വാസത്തിന് അർഹത കണ്ടെത്തുകയും ആയത് കടാശ്വാസത്തിനായി ശിപാർശ ചെയ്ത് 8 ഘട്ടങ്ങളിലായി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ രേഖകൾ ലഭ്യമാക്കിയവയിൽ സ്വകാര്യ വ്യക്തികളിൽ നിന്നും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത മത്സ്യത്തൊഴിലാളികളുടെ അപേക്ഷകൾ മാത്രമെ ഇനിയും പരിഗണിക്കാനുള്ളൂ.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

153 (1894) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സിറ്റിങ്ങ് നടത്തി എത്ര റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപ കടാശ്വാസമായി നൽകേണ്ടതുണ്ട്; വിശദാംശം അറിയിക്കാമോ; നാളിതുവരെ ഈ ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സിറ്റിംഗ് നടത്തി നാളിതുവരെ 8 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പരിശോധിച്ച് സർക്കാരിന് സമർപ്പിച്ച 8 റിപ്പോർട്ടുകളിൽ മത്സ്യഫെഡുമായി ബന്ധപ്പെട്ട 6 റിപ്പോർട്ടുകളിന്മേൽ കടാശ്വാസം നൽകുന്നതിനായി 141.80 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 7-ാമത് റിപ്പോർട്ടിലെ ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനായി 25.67 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്. 8-ാമത് റിപ്പോർട്ടിലെ ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ട തുക ഫിഷറീസ് മത്സ്യഫെഡ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനയ്ക്ക് ശേഷമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 1 മുതൽ 7 വരെയുള്ള ലിസ്റ്റുകളിന്മേൽ കടാശ്വാസം അനുവദിക്കുന്നതിന് 127.9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 8-ാമത് ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ട തുക

LIBRARY ARCHIVES Kerala Legislative Assembly